**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 8** **01-02-2023 - ൽ മറുപടിയ്ക്ക്**

**ലഹരി വ്യാപനം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിദ്യാലയ പരിസരങ്ങളിൽ ലഹരി വ്യാപനമുണ്ടെന്നതും ലഹരി ഉല്പന്നങ്ങളുടെ സ്ഥിരം ഉപയോക്താക്കളിൽ പ്രായപൂർത്തിയാകാത്ത കുട്ടികളും ഉൾപ്പെടുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ചില വിദ്യാലയ പരിസരങ്ങളിൽ ലഹരി വില്പന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഹരി ഉല്പന്നങ്ങളുടെ സ്ഥിരം ഉപയോക്താക്കളിൽ പ്രായപൂർത്തിയാകാത്ത കുട്ടികൾ ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില സംഭവങ്ങളിൽ പ്രായപൂർത്തിയാകാത്ത കുട്ടികൾ ഉൾപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിദ്യാലയ പരിസരങ്ങളിൽ വ്യാപകമാകുന്ന ലഹരി ഉപയോഗം തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തങ്ങളും, വിമുക്തിയുടെ ആഭിമുഖ്യത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് വിവിധ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. |
| (ബി) | ഇതുസംബന്ധിച്ച് വിദ്യാലയ പരിസരങ്ങളിൽ ജനകീയ പങ്കാളിത്തത്തോടെ നിരീക്ഷണം ശക്തമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | വിദ്യാലയ പരിസരങ്ങളിൽ നിരീക്ഷണം ശക്തമാക്കുന്നതിനായി സ്കൂളുകളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു കോളേജുകളിൽ തദ്ദേശസ്വയംഭരണസ്ഥാപന പ്രതിനിധികൾ, അദ്ധ്യാപകർ, എക്സൈസ ഉദ്യോഗസ്ഥർ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട കമ്മിറ്റികൾ രൂപീകരിച്ച 'നേർക്കൂട്ടം' എന്ന പേരിൽ ക്യാമ്പസുകളിലും 'ശ്രദ്ധ' എന്ന പേരിൽ ഹോസ്റ്റലുകളിലും ലഹരിക്കെതിരെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം അധ്യാപകരുടെ സഹായത്തോടെ ആരംഭത്തിലേ കണ്ടെത്തി കൗൺസിലിംഗ് നൽകുന്നതിന് സ്കൂളുകളിൽ |

| | | | |
|---|---|---|---|
| | | | “നേർവഴി” എന്ന പദ്ധതിയും, കുട്ടികൾ ലഹര ഉപയോഗത്തിലേക്ക് എത്തിപ്പെടാതിരിക്കുന്നതിനും, അവരെ കലാകായിക വിനോദങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിപ്പിക്കുന്നതിനുമായി തെരഞ്ഞെടുത്ത സ്കൂളുകളിൽ ‘ഉണർവ്വ്’ എന്ന പദ്ധതിയു നടപ്പിലാക്കി വരുന്നു. വിദ്യാഭ്യാസ വകുപ്പ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നുണ്ട്. |
| (സി) | അതിർത്തി റോഡുകളിൽ വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിന് കെമു (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | അതിർത്തി റോഡുകളിൽ വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിന് 'കെമു' (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകളില്ലാത്ത അതിർത്തി പ്രദേശങ്ങളിലൂടെയുള്ള മദ്യ മയക്കുമരുന്നുകളുടെ കടത്ത് തടയുന്നതിനായി കെമുവിന്റെ സേവനം വിനിയോഗിക്കും. |
| (ഡി) | എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തമാക്കിയതോടൊപ്പം ലഹരി മാഫിയക്കെതിരെ ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയതോടൊപ്പം, വിമുക്തിയുടെ നേതൃത്വത്തിൽ ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഏകോപനത്തിലൂടെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആരോഗ്യവകുപ്പുമായി ചേർന്ന് ലഹരിക്കടിമപ്പെട്ടവർക്ക് ആവശ്യമായ ചികിത്സയും കൗൺസിലിംഗും നൽകിവരുന്നു. ഈ ലക്ഷ്യത്തോടെ വിമുക്തിമിഷൻ ആരോഗ്യവകുപ്പുമായി സഹകരിച്ചു കൊണ്ട് പതിനാല് ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ സ്ത്രീകൾക്കും കുട്ടികൾക്കും ലഹരിമോചന ചികിത്സ നൽകുന്നതിന് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും, അവയുടെ വാർഡുകളിലും ജനപ്രതിനിധികൾ അദ്ധ്യക്ഷൻമാരായി സാമൂഹ്യ-സാമുദായിക സംഘടനാ പ്രതിനിധികൾ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങി സമൂഹത്തിലെ വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് ലഹരിക്കെതിരെ പ്രവർത്തിച്ചു വരുന്നു. ലഹരി ഉപയോഗം തടയുന്നതിന് സ്കൂൾ പരിസരങ്ങളിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ "ഈ സ്ഥാപനത്തിൽ ലഹരി വിൽക്കുന്നില്ല" എന്ന ബോർഡ് സ്ഥാപിക്കുകയും |

| | | | |
|---|---|---|---|
| | | | അതിൽ ലഹരി വസ്തുക്കളുടെ വില്പന ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കാനുള്ള ഫോൺ നമ്പരുകളും നൽകിയിട്ടുണ്ട്. വ്യാപാരി വ്യവസായികളുടെ സംഘടനകളുമായി സഹകരിച്ച് സ്കൂൾ പരിസരങ്ങളിൽ ലഹരി വിൽക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ